# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*239 — 06.11.2019 -ലെ മറുപടി

### ജലസംപോഷണ പദ്ധതികൾ

**ചോദ്യം**

**ശ്രീ.എസ്.രാജേന്ദ്രൻ**

**,, കെ.സുരേഷ് കുറുപ്പ്**

**,, സി.കൃഷ്ണൻ**

**,, സി. കെ. ശശീന്ദ്രൻ**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഇരുപതു ശതമാനം ബ്ലോക്കുകളിൽ ഗുരുതരമായ ഭൂജലദൗർലഭ്യം നേരിടുന്നുവെന്ന റിപ്പോർട്ടുകളുടെയടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന ജല സംപോഷണ പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | എ) | സംസ്ഥാന ഭൂജലവകുപ്പും, കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കി വരുന്നു. 2017 മാർച്ച് വരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത–5.21 BCM ആണ്. സംസ്ഥാനത്തെ ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ, ഗുരുതര വിഭാഗത്തിലും, 30 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗങ്ങളിലും ഉൾപ്പെടുന്നു. 2013 മാർച്ച് വരെയുള്ള പഠനത്തിൽ 18 ബ്ലോക്കുകളായിരുന്നു ഭാഗികഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ പുതിയ പഠന റിപ്പോർട്ട് പ്രകാരം 12 ബ്ലോക്കുകൾ കൂടി ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാന ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻപദ്ധതിയിൽ കീഴിൽ 2019-20 സാമ്പത്തിക വർഷം തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതി, കുഴൽക്കിണർ റീചാർജ്ജ് പദ്ധതി, അടിയണകൾ, ചെറിയ തടയണകളുടെ നിർമ്മാണം, കുട്ടനാടൻ പ്രദേശങ്ങളുടെ ഭാഗമായി വരുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ പരമ്പരാഗത കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന് നടപ്പ് സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂജല-വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച് വരുന്നു. |
| ബി) | ജലശക്തി അഭിയാൻ എത്ര ബ്ലോക്കുകളിൽ നടപ്പാക്കാനാണ് കേന്ദ്ര സഹായം ലഭിക്കുന്നത്; സംസ്ഥാന സർക്കാർ ഈ പദ്ധതി എത്ര ബ്ലോക്കുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; | ബി) | പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ല. സംസ്ഥാനത്തെ അമിതചൂഷിത ബ്ലോക്കായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, ഗുരുതര ബ്ലോക്കുകളായ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവിടങ്ങളിലാണ് ജലശക്തി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) | ഓരോ പ്രദേശത്തിന്റെയും ഭൂജല ലഭ്യത കണക്കാക്കി അമിത ചൂഷണം തടയുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; തടയണകൾ, മഴക്കുഴി, കിണർ-കുഴൽകിണർ റീചാർജിംഗ് ഇടങ്ങിയ ജലസംപോഷണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ? | സി) | നടപടി എടുത്തിട്ടുണ്ട്. കേരള സംസ്ഥാന ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 അനുസരിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളായ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർ ഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് അമിത ഭൂജലചൂഷണ മേഖലയായി കണ്ടെത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**